**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **01-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുയോഗങ്ങൾ നടത്തുന്നതിന് ഈടാക്കുന്ന ഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുയോഗങ്ങൾ നടത്തുന്നതിന് സർക്കാരിൽ നിന്നും എന്തൊക്കെ അനുമതികളാണ് നടത്തിപ്പുകാർ വാങ്ങിയിരിക്കേണ്ടതെന്നും ഏതൊക്കെ അധികാരികളിൽ നിന്നാണ് വാങ്ങേണ്ടതെന്നും വ്യക്തമാക്കുമോ; | (എ) | പൊതുയോഗങ്ങൾ നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥന്റേയോ സ്ഥാപനങ്ങളുടെയോ അധികാരികളിൽ നിന്നുള്ള സമ്മതപത്രവും പരിപാടികളെപ്പറ്റിയുള്ള വിവരങ്ങൾ അടങ്ങിയ അപേക്ഷ അതാത് ജില്ലാ പോലീസ് മേധാവിമാർക്ക് നൽകുന്ന മുറയ്ക്ക് ബഹു. ഹൈക്കോടതിയുടെ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി സമ്മേളനത്തിന് ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനും സമ്മേളനത്തിന്റെ പ്രചരണാർത്ഥം ചട്ടപ്രകാരം വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനും അപേക്ഷകന് അനുമതി നൽകി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്. |
| (ബി) | ഇതിനായി എത്ര രൂപ വീതമാണ് സംഘാടകരിൽ നിന്നും ഈടാക്കുന്നതെന്നും സംസ്ഥാനത്ത് എല്ലായിടത്തും ഈ ഫീസുകൾ ഒരേ നിരക്കിൽ തന്നെയാണോ ഈടാക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് G.O(Ms) No.117/2022/Home തീയതി 15.06.2022 പ്രകാരമുള്ള തുകകൾ ആണ് നിലവിലെ ഫീസായി വാഹന അനൗൺസ്മെന്റിന് ചുമത്തുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനം അനുസരിച്ച് വാടക തുക ഒടുക്കി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പൊതുയോഗങ്ങളുടെ ഫീസിനത്തിൽ നാളിതുവരെ എത്ര രൂപയാണ് ആകെ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പൊതുയോഗങ്ങൾക്കും മൈക്ക് പെർമിഷനുമായി ഫീസിനത്തിൽ ₹ 3,94,99,509/- (മൂന്നു കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി<br><br>അഞ്ഞൂറ്റി ഒൻപത് രൂപ) ലഭിച്ചിട്ടുണ്ട്. |
| (ഡി) | വൻതുകകൾ ഫീസിനത്തിൽ അടയ്ക്കേണ്ടി വരുന്നത് | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| | പൊതു സേവനാർത്ഥവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ നിന്നും പ്രവർത്തകരെ പിന്തിരിപ്പിക്കാൻ കാരണമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഇ) | പൊതുജന സേവനാർത്ഥവും ബോധവൽക്കരണത്തിന്റെ ഭാഗമായും നടത്തുന്ന യോഗങ്ങൾക്ക് ഫീസിൽ ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ